**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 405** **23-07-2021 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | **Shri K. Radhakrishnan** (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മലബാർ ദേവസ്വം നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിനെകുറിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നുവോ; | (എ) | മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട നിലവിലെ നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിന്, സ.ഉ.(സാധാ) 186/2017/റവ തിയ്യതി 19/01/2017 പ്രകാരം, അഡ്വ. കെ. ഗോപാലകൃഷ്ണൻ ചെയർമാനും, ശ്രീ. സി. മോഹനൻ, ശ്രീ. എ.വേണുഗോപാൽ എന്നിവർ അംഗങ്ങളുമായി 3 അംഗ കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത കമ്മിറ്റി 07/09/2017 ന് സർക്കാർ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ; | (ബി) | മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട നിലവിലെ നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിന്, സ.ഉ.(സാധാ) 186/2017/റവ തിയ്യതി 19/01/2017 പ്രകാരം, അഡ്വ. കെ. ഗോപാലകൃഷ്ണൻ ചെയർമാനും, ശ്രീ. സി. മോഹനൻ, ശ്രീ. എ.വേണുഗോപാൽ എന്നിവർ അംഗങ്ങളുമായി 3 അംഗ കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത കമ്മിറ്റി 07/09/2017 ന് സർക്കാർ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; | (സി) | മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട നിലവിലെ നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിന്, സ.ഉ.(സാധാ) 186/2017/റവ തിയ്യതി 19/01/2017 പ്രകാരം, അഡ്വ. കെ. ഗോപാലകൃഷ്ണൻ ചെയർമാനും, ശ്രീ. സി. മോഹനൻ, ശ്രീ. എ.വേണുഗോപാൽ എന്നിവർ അംഗങ്ങളുമായി 3 അംഗ കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത കമ്മിറ്റി 07/09/2017 ന് സർക്കാർ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ദേവസ്വം നിയമം കൊണ്ടുവരുന്നതിന് നടപടികൾ കൈകൊണ്ടിരുന്നോയെന്ന് വ്യക്തമാക്കാമോ; | (ഡി) | നിയമ പരിഷ്കരണം സംബന്ധിച്ച് മേൽപ്പറഞ്ഞ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മലബാർ ഹിന്ദു റിലീജിയസ് ആന്റ് |

| | | | |
|---|---|---|---|
| | | | ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് ആന്റ് എൻഡോമെന്റ് ബിൽ 2021 ന്റെ കരട് കേരളാ ലോ റിഫോംസ് കമ്മീഷന്റെ സൂക്ഷ്മ പരിശോധനയ്ക്കു ശേഷം സർക്കാറിൽ ലഭ്യമായിട്ടുണ്ട്. കരട് ബില്ലിൽ അദ്ധ്യായം XIII പ്രകാരമുള്ള സാമ്പത്തിക ബാധ്യത നിർണ്ണയിക്കുന്നതിനുള്ള നടപടികൾ മലബാർ ദേവസ്വം ബോർഡ് മുഖാന്തിരം നടന്നു വരുന്നു. |
| (ഇ) | മലബാർ ദേവസ്വം നിയമം കൊണ്ടുവരുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ഇ) | നിയമ പരിഷ്കരണം സംബന്ധിച്ച് മേൽപ്പറഞ്ഞ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മലബാർ ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് ആന്റ് എൻഡോമെന്റ് ബിൽ 2021 ന്റെ കരട് കേരളാ ലോ റിഫോംസ് കമ്മീഷന്റെ സൂക്ഷ്മ പരിശോധനയ്ക്കു ശേഷം സർക്കാറിൽ ലഭ്യമായിട്ടുണ്ട്. കരട് ബില്ലിൽ അദ്ധ്യായം XIII പ്രകാരമുള്ള സാമ്പത്തിക ബാധ്യത നിർണ്ണയിക്കുന്നതിനുള്ള നടപടികൾ മലബാർ ദേവസ്വം ബോർഡ് മുഖാന്തിരം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ